കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി13-1448/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ആഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 17.12.2016

ഫോൺ :- 0477 2252753

ഇ-മെയിൽ :- ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി13-1448/16 തീയതി: 17.12.2016

# ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2015 മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി. വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.11.2016. മുതൽ 29.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജി. അനിൽകുമാർ ആശാരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. കെ.എം. പ്രശോഭൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഫമിൻ.എസ്.എം | സീനിയർ ഗ്രേഡ് ആഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കരുണാകരൻ | 1-4-15 മുതൽ 31-10-15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി.അജിത | 19-11-15 മുതൽ 31-3-16 വരെ |
| സെക്രട്ടറി | ശ്രീമതി.ജെ.ബീനാമോൾ | 1-4-15 മുതൽ 22-7-15വരെ |
| | ശ്രീ.എസ്.അശോക് കുമാർ | 23-7-15 മുതൽ 31-3-16വരെ |
| കൃഷിഓഫീസർ | ശ്രീമതി. എലിസബത്ത് ഡാനിയൽ | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ശ്രീപ്രസാദ് | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. മനു. എ. കെ | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പി. എസ്. നസീർ | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സാഹിനി.എ.സ് | 1-4-15 മുതൽ 31-3-16 വരെ |
| വി.ഇ.ഒ. | ശ്രീ. ജൂൽഫിൻ യോഗി . വൈ | 1-4-15 മുതൽ 31-3-16 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ജ്യോതി | 1-4-15 മുതൽ 22-7- 15 വരെ |
| | ശ്രീമതി. ജയലക്ഷ്മി | 22-7-15 മുതൽ 10-8-15 വരെ |
| | ശ്രീമതി. ലക്ഷ്മി.വി | 11-8-15 മുതൽ 31-3-16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജെ.ബീനാമോൾ | 1-4-15 മുതൽ 19-8-15 വരെ |
| | ശ്രീ. എസ്.രാധാകൃഷ്ണൻ നായർ | 20-8-15 മുതൽ 31-3-16 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.അംബിക | 1-4-15 മുതൽ 5-3-16 വരെ |
| | ഡോ.അർച്ചന. എസ്. നായർ | 6-3-16 മുതൽ 31-3-16 വരെ |
| ഹെഡ് മാസ്റ്റർ,<br>ജി.എൽ.പി.എസ് | ശ്രീമതി. സ്വർണ്ണമ്മ | 1-4-15 മുതൽ 10-6-15 വരെ |
| | ശ്രീമതി. സുരീനാ ബീഗം | 11-6-15 മുതൽ 31-3-16 വരെ |

ഉള്ളടക്കം.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | പെർമിറ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 3 | 2-2 | അനധികൃത കെട്ടിടം - രാജിയാക്കിയതിലും വസ്തുനികുതി നിർണ്ണയിച്ചതിലും ചട്ടലംഘനം |
| 4 | 2-3 | കെട്ടിടനിർമ്മാണം - പെർമിറ്റ് നൽകുന്നതിലും ക്രമീകരിക്കുന്നതിലും ചട്ടലംഘനം |
| 5 | 2-4 | കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നില്ല- പഞ്ചായത്തിനും മത്സ്യത്തൊഴിലാളികൾക്കും നേട്ടമില്ല |
| 6 | 2-5 | അനധികൃത കെട്ടിടത്തിന് ഒക്കുപ്പൻസി നൽകി- നികുതി നിർണ്ണയിച്ചതിലും അപാകം |
| 7 | 2-6 | അനധികൃത നിർമ്മാണം - രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല |
| 8 | 2-7 | തൊഴിൽ നികുതി, സ്ഥാപനനികുതി - സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായി |
| 9 | 2-8 | തനത് വരുമാനം കുറയുന്നു- പിരിവിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും അനാസ്ഥ |
| 10 | 2-9 | കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല |
| ഭാഗം – 3 | | |
| 11 | 3-1 | പൊതുടാപ്പുകളുടെ വെള്ളക്കരം-കുടിശിക വർദ്ധിക്കുന്നു |
| 12 | 3-2 | വി ഇ ഒ നടപ്പാക്കിയ പ്രോജക്റ്റുകൾ - രേഖകൾ അപൂർണ്ണം |
| 13 | 3-3 | കുടിവെള്ള കണക്ഷൻസബ്സിഡി- പിൻവലിച്ച തുക മുഴുവനും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല |

| | | |
|---|---|---|
| 14 | 3-4 | വൈസ് പ്രസിഡന്റിന്റെ മൊബൈൽ ഫോൺ ചാർജ്ജ് - അധികതുക നൽകി |
| 15 | 3-5 | അംഗൻവാടി വൈദ്യുതീകരണം നടപടികളിൽ കാലതാമസം |
| 16 | 3-6 | തെരുവു നായ്ക്കളുടെ നിയന്ത്രണം-പഞ്ചായത്ത് വിഹിതം-വിനിയോഗരേഖയില്ല |
| 17 | 3-7 | തൊഴിലില്ലായ്മവേതനം- പ്രായപരിധികഴിഞ്ഞവർക്ക് അനുവദിച്ചു |
| ഭാഗം – 4 | | |
| 18 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-3-15ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാക്രമം 241342242/- രൂപയും 244445160/- രൂപയുമാണ്. ഇത് യഥാർത്ഥത്തിലുള്ള വരവ് ചെലവുകൾ പ്രതീക്ഷിത വരവ് ചെലവുകളുടെ 18.20, 24.90 ശതമാനം മാത്രമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/7/2016 | 31/5/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29504030 |
| വരവ് | 43509464 |
| ആകെ | 73013494 |
| ചെലവ് | 60888549 |
| നീക്കിയിരിപ്പ് | 12124945 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3147679 | 15611328 | 18759007 | 14341428 | 4417579 | 76.45 |
| വികസനഫണ്ട് എസ്.സി.പി. | 2072000 | 2172000 | 4244000 | 1713845 | 2530155 | 40.38 |
| വികസനഫണ്ട് ടി.എസ്.പി. | 26000 | 14000 | 40000 | 0 | 40000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1563416 | 6323000 | 7886416 | 5267531 | 2618885 | 66.79 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 825707 | 4845000 | 5670707 | 4842307 | 828400 | 85.39 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4795803 | 5753433 | 10549236 | 8836645 | 1712591 | 83.77 |
| പെർഫോമൻസ് ഗ്രാന്റ് | 1319774 | 0 | 1319774 | 1104968 | 214806 | 83.72 |
| എം.എൻ.ആർ.ഇ.ജി.എസ്. | 8321 | 80506285 | 80514606 | 80513890 | 716 | 99.99 |
| ബി ഫണ്ട് | 0 | 16334794 | 16334794 | 16334794 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 59541909 | 80 | 37369056 | 39 | 18 | 58.39 |

## 1-7 തനത് വരുമാനം.

തനത് വരുമാനത്തിൽ തൻവർഷം താഴെവിവരിക്കുന്ന പ്രകാരം 16.27% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | കൂടുതൽ/കുറവ് | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2119793 | 1773650 | (-) 346143 | (-) 16.33 |
| നികുതിയേതര വരവുകൾ | 341434 | 292642 | (-) 48792 | (-) 14.29 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 174716 | 140622 | (-) 34094 | (-) 19.51 |
| ആകെ | 2635943 | 2206914 | (-) 429029 | (-) 16.27 |

### 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 589080 | 361 |
| കർഷകതൊഴിലാളി പെൻഷൻ | 548490 | 101 |
| വിധവാപെൻഷൻ | 8561880 | 1021 |
| വാർദ്ധക്യകാലപെൻഷൻ | 2067840 | 633 |
| വികലാംഗപെൻഷൻ | 3564300 | 422 |
| 50വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 786600 | 97 |
| വിവാഹ ധനസഹായം | 210000 | 7 |

### 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/11/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/11/2016 | 1/10/2016- 31/10/2016 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/02/2016 | 2010-11 - 2014-15 | 31/03/2016 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പഞ്ചായത്ത് 2015-16 ൽ ആകെ നാൽപ്പത് കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകിയതായാണ് അപേക്ഷാ രജിസ്റ്ററിൽ കാണുന്നത്. ഇവ ആഡിറ്റിൽ ഹാജരാക്കാനായി 22/11/2016, 28/11/2016 തീയതികളിൽ ഓഡിറ്റ് റിക്വസിഷൻ നൽകി. എന്നാൽ 17 ഫയലുകൾ മാത്രമാണ് ആഡിറ്റിന് ഹാജരാക്കിയത്. 30/11/2016 ൽ ഇത് സംബന്ധിച്ച് ആഡിറ്റ് അന്വേഷണം നൽകിയെങ്കിലും ഫയലുകൾ ലഭ്യമാക്കിയില്ല. ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയതിനെക്കുറിച്ച് ഉചിതമായ അന്വേഷണം നടത്തുന്നതിനും ഹാജരാക്കാത്ത ഫയലുകളിൽ ഏതെങ്കിലും അപാകതകളോ ചട്ടവിരുദ്ധ നടപടികളോ നിലനിൽക്കുന്നുണ്ടോ എന്ന്

പരിശോധിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ ഭരണ വകുപ്പിനോടും ഭരണ സമിതിയോടും ശുപാർശ ചെയ്യുന്നു. ഓഡിറ്റിൽ ലഭിക്കാതിരുന്ന പെർമിറ്റ് ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെർമിറ്റ് രജിസ്റ്ററിലെ ക്രമനമ്പർ | പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | പെർമിറ്റ് നൽകിയ തീയതി. |
|---|---|---|---|---|
| 1. | 4 | എ3-2090/15 | സന്തോഷ് കുമാർ | 25.05.2015 |
| 2. | 8 | എ3-2195/15 | സുനുഷ സോമ | 04.06.2015 |
| 3. | 12 | എ3-2549/15 | വിശ്വംഭരൻ, ഷീജ | 30.06.2015 |
| 4. | 13 | എ4-3111/15 | സതീശൻ | 30.07.2015 |
| 5. | 14 | എ5-3750/15 | അജി | 06.08.2015 |
| 6. | 15 | എ5-4016/15 | മോൻസി | 24.08.2015 |
| 7. | 16 | എ5-3961/15 | സജിമോൻ | 25.08.2015 |
| 8. | 17 | എ5-3064/15 | സിദ്ധാർത്ഥൻ | 25.09.2015 |
| 9. | 18 | എ5-4297/15 | സുരേഷ് | 28.09.2015 |
| 10. | 19 | എ5-4201/15 | ഷിജു | 29.09.2015 |
| 11. | 20 | എ5-3854/15 | പ്രദീപ് | 29.09.2015 |
| 12. | 21 | എ5-3897/15 | പ്രസന്നൻ | 29.09.2015 |
| 13. | 22 | എ5-4178/15 | ശ്രീകുമാർ | 08.10.2015 |
| 14. | 23 | എ5-4138/15 | ജോയ് | 17.10.2015 |
| 15. | 24 | എ5-782/15 | സജീവൻ | 12.11.2015 |
| 16. | 25 | എ5-4663/15 | ശശിധരൻ | 16.11.2015 |
| 17. | 29 | എ5-4656/15 | റീജിയണൽ മാനേജർ, കെ.എസ്.സി.എ.ഡി.സി | 10.12.2015 |

| | | | | |
|---|---|---|---|---|
| 18. | 31 | എ5-5495/15 | വിനോദ് | 15.01.2016 |
| 19. | 32 | എ5-5493/15 | രഘു | 15.01.2016 |
| 20. | 33 | എ5-5245/15 | രാംരാജ് | 22.01.2016 |
| 21. | 35 | എ5-5620/15 | റിയാസ് | 29.01.2016 |
| 22. | 36 | എ5-500/15 | വസന്തകുമാർ | |
| 23. | 37 | എ5-472/15 | രാജീവ് | |

## 2-2 അനധികൃത കെട്ടിടം - രാജിയാക്കിയതിലും വസ്തുനികുതി നിർണ്ണയിച്ചതിലും ചട്ടലംഘനം

ആറാട്ടുപുഴ പഞ്ചായത്തിലെ ആറാം വാർഡിൽ ശ്രീ. ജയിംസ്, ശ്രീ. ഷേക്സ്പിയർ, ഇച്ചിക്കാത്തറ, പുതുപ്പള്ളി പി.ഒ എന്നി വ്യക്തികൾ പെർമിറ്റില്ലാതെ നിർമ്മിച്ച വാർത്ത മേൽക്കൂരയോട്ടുകൂടിയ രണ്ട് കെട്ടിടങ്ങൾക്ക് (മത്സ്യ സംസ്കരണത്തിനായുള്ളത്) കെട്ടിട നമ്പർ ലഭിക്കുന്നതിനായി തീയതി രേഖപ്പെടുത്താതെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 6/624, 6/625 എന്നീ നമ്പരുകൾ പഞ്ചായത്ത് അനുവദിച്ചു. പ്രസ്തുത അനധികൃത നിർമ്മാണം ക്രമീകരിച്ച് നൽകിയതിലും രാജിയാക്കൽ ഫീസ് ഈടാക്കിയതിലും വസ്തുനികുതി നിർണ്ണയിച്ചതിലും താഴെ വിവരിക്കുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

ക) അനധികൃത നിർമ്മാണം ക്രമീകരിച്ച് സെക്രട്ടറി ഉത്തരവിടുന്നതിന് മുമ്പ് തന്നെ വസ്തുനികുതി നിർണ്ണയം നടത്തി. ക്രമീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137(3) പ്രകാരം അനുബന്ധം 1 മാതൃകയിൽ സെക്രട്ടറി പുറപ്പെടുവിക്കേണ്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ക്രമീകരിക്കുന്നവിവരം രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

ഖ) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 137(4) പ്രകാരം ഒരനധികൃത നിർമ്മാണം ക്രമീകരിക്കുമ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക രാജിയാക്കൽ ഫീസായി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ 624, 625 നമ്പർ കെട്ടിടങ്ങളുടെ വിസ്തീർണ്ണം യഥാക്രമം 157, 143 ചതുരശ്ര മീറ്റർ ആണ്. ആകെ 300 ച.മി വിസ്തീർണ്ണമുള്ള ഈകെട്ടിടങ്ങൾക്ക് 942/- രൂപ (11501102506, തീയതി - 16/03/2016) മാത്രമാണ് രാജിയാക്കൽ ഫീസ് ഈടാക്കിയത്. പ്രസ്തുത ചട്ടങ്ങളിലെ ഷെഡ്യൂൾ രണ്ട് പ്രകാരം ചതുരശ്ര മീറ്ററിന് 5/- രൂപയാണ് പെർമിറ്റ് ഫീസ്. അതിനാൽ ചതുരശ്ര മീറ്ററിന് 10/- രൂപ വീതം രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്. ഇപ്രകാരം 3000/- രൂപ ഈടാക്കേണ്ടതായിരുന്നു. കുറഞ്ഞ തുക ഈടാക്കുക വഴി പഞ്ചായത്തിന് 2058/- രൂപ നഷ്ടമായി.

ഗ) പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച വസ്തുനികുതി നിരക്ക് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് മുപ്പത് രൂപയാണ് വസ്തുനികുതി. ഇത് മത്സ്യ സംസ്കരണത്തിനുള്ള കെട്ടിടമാണെന്നും അഞ്ച് മീറ്ററിലധികം വീതിയുള്ള ജില്ല/ രണ്ടാം തരം റോഡിന്റെ (അഴീക്കൽ -പുതുപ്പള്ളി റോഡ്) സമീപത്താണെന്നും അപേക്ഷയിൽ രേഖപ്പെടുത്തലുണ്ട്. അതിനാൽ തന്നെ റോഡിന്റെ അടിസ്ഥാനത്തിൽ ഇരുപത് ശതമാനം വർദ്ധനവും അടിസ്ഥാന നികുതിയിന്മേൽ വരുത്തേണ്ടതുണ്ട്. എന്നാൽ ഈ വർദ്ധനവ് വരുത്തിയില്ല എന്ന് മാത്രമല്ല ച.മീറ്ററിന് പത്തുരൂപ നിരക്കിലാണ് നികുതി ചുമത്തിയത്. 624,625 നമ്പർ കെട്ടിടങ്ങൾക്ക് യഥാക്രമം 1570/-, (11501102505, 16.03.2016) 1430/- (11501102507, 16.03.2016) രൂപയാണ് വസ്തുനികുതിയായി ഈടാക്കപ്പെട്ടത്.

ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടനമ്പർ | 6/624 | 6/625 |
| വിസ്തീർണ്ണം | 157 | 143 |
| അടിസ്ഥാന വസ്തുനികുതി@30 | 4710 | 4290 |
| വർദ്ധനവ് 20% | 942 | 858 |
| ആകെ വസ്തുനികുതി | 5652 | 5148 |
| ഈടാക്കിയ വസ്തുനികുതി | 1570 | 1430 |
| കുറവ് | 4082 | 3718 |

ഇപ്രകാരം വസ്തുനികുതി ഈടാക്കിയതിൽ 7800/- രൂപയുടെ കുറവാണ് 2015-16 ൽ ഉണ്ടായത്. ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 25.11.2016 ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക ഖ, ഗ എന്നിവയിൽ വിവരിക്കുന്നത് പ്രകാരം 9858/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായി. ഈ തുക നഷ്ടോത്തരവാദികളായ എ3 സെക്ഷൻ ക്ലർക്ക്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 2-3 കെട്ടിടനിർമ്മാണം - പെർമിറ്റ് നൽകുന്നതിലും ക്രമീകരിക്കുന്നതിലും ചട്ടലംഘനം

അനധികൃത കെട്ടിടനിർമ്മാണം നിയന്ത്രിക്കുന്നതിൽ പഞ്ചായത്തിന്റെ ഇടപെടൽ ഫലപ്രദമല്ല. പെർമിറ്റില്ലാതെ നടക്കുന്ന നിർമ്മാണങ്ങൾ അനവധിയാണ്. നൽകുന്ന പല പെർമിറ്റിന്റേയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി ശ്രീമതി നിഷ, കടശ്ശേരിമണ്ണേൽ, എന്ന വ്യക്തിക്ക് 3/10/2015 ൽ നൽകിയ 4212/15 എന്ന പെർമിറ്റിന്റേയോ അപേക്ഷയുടേയോ വിവരങ്ങൾ രജിസ്റ്ററിലില്ല. മിക്ക അപേക്ഷകളും ലഭിച്ച തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ ലഭിക്കുമ്പോഴല്ല, പകരം പെർമിറ്റ് നൽകുമ്പോൾ മാത്രമാണ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. അനധികൃത നിർമ്മാണങ്ങൾ ക്രമമാക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. ക്രമീകരണം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137(3) പ്രകാരം ഈ ചട്ടങ്ങളുടെ അനുബന്ധം 'ജെ' യിൽ പറയും പ്രകാരമുള്ള മാതൃകയിൽ, ക്രമീകരിക്കുന്ന അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ക്രമീകരണം സംബന്ധിച്ച് അനുബന്ധം 1 മാതൃകയിൽ സെക്രട്ടറി പുറപ്പെടുവിക്കേണ്ട ഉത്തരവ് പുറപ്പെടുവിക്കപ്പെടുന്നില്ല. പൂർത്തീകരിക്കുന്നതിന് മുമ്പ് കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾക്ക് രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല. അനധികൃത കെട്ടിടം ക്രമീകരിക്കുന്നതിന് മുമ്പ് തന്നെ കെട്ടിടനികുതി നിർണ്ണയിച്ച് ഈടാക്കിയതായും കാണുന്നു. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകും മുൻപ് പെർമിറ്റ് എടുത്തിട്ടുണ്ടോ എന്ന് കൃത്യമായി പരിശോധിക്കുന്നില്ല. വാർഡ് ആറിലെ 624, 625 നമ്പർ കെട്ടിടങ്ങൾ, വാർഡ് 3 ലെ 713 മുതൽ 716 വരെയുള്ള കടമുറികൾ, വാർഡ് 17ലെ നമ്പർ - 611 വാസഗൃഹം മുതലായവ ഇപ്രകാരം ചട്ടങ്ങൾ പാലിക്കാതെ നമ്പരിട്ട് നൽകപ്പെട്ടവയാണ്. അനധികൃതനിർമ്മാണങ്ങൾ യഥാകാലം കണ്ടെത്താൻ പഞ്ചായത്തിന് കഴിയുന്നമില്ല. ഇതേക്കുറിച്ച് ഭരണവകുപ്പിന്റെ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 2-4 കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നില്ല- പഞ്ചായത്തിനും മത്സ്യത്തൊഴിലാളികൾക്കും നേട്ടമില്ല

പഞ്ചായത്ത് സുനാമി പ്രത്യേകഫണ്ട് ഉപയോഗിച്ച് കനകകുന്നിൽ നിർമ്മിച്ച ഫിഷ് ലാന്റിംഗ് സെന്റർ, കോൾഡ് സ്റ്റോറേജ്, ലേലഹാൾ എന്നിവ പൊതുജനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും പ്രയോജനപ്പെടുന്നതിനായി പ്രതിവർഷം 1200/- രൂപ തറവാടകയ്ക്ക് മുതുകുളം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തെ (എഫ്(എ)1-184) ഏൽപ്പിക്കാൻ 29/9/2012 ലെ പഞ്ചായത്ത് കമ്മറ്റി യോഗം തീരുമാനമെടുത്തു (തീരുമാനം നം. III). മത്സ്യഫെഡ് ജില്ല മാനേജരുടെ 26/6/2012 ലെ കത്തും സംഘത്തിന്റെ അപേക്ഷയും പരിഗണിച്ചാണ് ഈ തീരുമാനം എടുത്തത്. കോൾഡ് സ്റ്റോറേജിന്റെ ഫലപ്രദമായ ഉപയോഗത്തിനായി ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സംഘത്തെ ഏൽപ്പിക്കണമെന്നാണ് മത്സ്യഫെഡ് ജില്ല മാനേജർ തന്റെ കത്തിൽ ശുപാർശ ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നില്ല എന്ന് നേരിട്ടുള്ള പരിശോധനയിൽ കാണുന്നു. ഇത് ഇതുവരെ മത്സ്യതൊഴിലാളികൾക്ക് പ്രയോജനപ്പെട്ടതായും കാണുന്നില്ല.

31/1/13 ൽ തറവാടക സംബന്ധിച്ച് കരാർ വക്കാൻ സന്നദ്ധമായി പ്രസ്തുത സംഘം പഞ്ചായത്തിന് കത്ത് നൽകി. എന്നാൽ 28/12/2015 ൽ മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. കാലതാമസത്തിന്റെ കാരണം വ്യക്തമല്ല.

17/12/15 ൽ തറവാടകയായി 3600/- രൂപ പ്രസ്തുത സംഘം പഞ്ചായത്തിൽ അടച്ചു (രസീത് നം. 11501102030). 2013-14, 2014-15, 2015-16 വർഷങ്ങളിലെ തറവാടകയായാണ് ഈ തുക അടച്ചത്. (2012-13ലെ തറവാടക 1200/- രൂപ 2/1/13 ൽ രസീത് നം. 42460/78 പ്രകാരം അടച്ചിരുന്നു). മേൽ പ്രതിപാദിച്ച കമ്മറ്റി തീരുമാനത്തിലേയും കരാറിലേയും രണ്ടാം ഖണ്ഡിക പ്രകാരം തറവാടക എല്ലാവർഷവും മുൻകൂറായി പഞ്ചായത്തിൽ അടക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടക്കാൻ വൈകിയതിന് പിഴപ്പലിശ ഈടാക്കാതിരുന്നത് നിമിത്തം 720/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായി. (പ്രതിമാസം ഒരുശതമാനം. കരാറിന് ശേഷം ഇത് രണ്ട് ശതമാനമാണ്).

കോൾഡ് സ്റ്റോറേജ് പ്രവർത്തന സജ്ജമാക്കാത്തതിനെക്കുറിച്ച് ഒരന്വേഷണവും പഞ്ചായത്ത് നടത്തിയിട്ടില്ല.

പഞ്ചായത്ത് ആസ്തിയുടെ നടത്തിപ്പ് ചുമതല ലേലം ചെയ്യാതെ സംഘത്തെ ഏൽപ്പിച്ചത്, സ്വതവേ തനത് വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യത്തിന് ചേരുന്നതല്ല.

പിഴപ്പലിശയിനത്തിൽ നഷ്ടമായതുക പ്രസ്തുത സഹകരണസംഘത്തിൽ നിന്ന് ഈടാക്കേണ്ടതും കോൾഡ് സ്റ്റോറേജ് പ്രവർത്തനക്ഷമവും മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗപ്രദവുമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഫിഷ് ലാന്റിംഗ് സെന്റർ, കോൾഡ് സ്റ്റോറേജ്, ലേലഹാൾ എന്നിവയുടെ ഉപയോഗ അവകാശം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് കൂടുതൽ തുക സമാഹരിക്കാവുന്നതാണ്.

## 2-5 അനധികൃത കെട്ടിടത്തിന് ഒക്കുപ്പൻസി നൽകി- നികുതി നിർണ്ണയിച്ചതിലും അപാകം

ശ്രീ. രവി, ശ്രീമതി ലത രവി എന്നിവർ 28/3/2016 ൽ സമർപ്പിച്ച അപേക്ഷ (A3/2816/16) പരിഗണിച്ച് മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഇവരുടെ നാല് കടമുറികൾക്ക് 713,714,715,716 എന്നിങ്ങനെ നമ്പർ അനുവദിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി. ഇതിൽ താഴെപ്പറയുന്ന ചട്ടവിരുദ്ധ നടപടികൾ ഉണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നം- 11 തീയതി 25/11/16) മറുപടി ലഭിച്ചില്ല.

ക) ഈ കെട്ടിടം എ3/636/16 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മിച്ചതാണെന്ന് കെട്ടിട നമ്പർ ലഭിക്കുവാനായി സമർപ്പിക്കപ്പെട്ട അപേക്ഷയിൽ പറയുന്നു. പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ പ്രകാരം ഇത്തരത്തിലൊരു പെർമിറ്റ് നൽകപ്പെട്ടിട്ടില്ല.

ഖ) ഇതേ കെട്ടിടം 2012-13 ൽ ഒറ്റ നമ്പരായി ( 3/643) നികുതി നിർണ്ണയം നടത്തുകയും 2014-15 വരെ 2700/- രൂപ പ്രതിവർഷം വസ്തുനികുതി ഈടാക്കുകയും ചെയ്തിരുന്നതാണ് (രസീത് നം. 11501100135, 16/4/2015).

എന്നാൽ പുതുക്കിയ നികുതി നിർണ്ണയ പ്രകാരം 713,714,715,716 നമ്പർ മുറികൾക്ക് നിശ്ചയിച്ച നികുതി യഥാക്രമം 528/-, 788/-, 487/-, 521/- രൂപയാണ്. ഇത്പ്രകാരം ആകെ 2324/- രൂപ മാത്രമാണ് വാർഷിക വസ്തുനികുതി. നികുതി പുതുക്കിയപ്പോൾ കുറവ് വന്നതെങ്ങനെയെന്ന് വ്യക്തമല്ല. മേൽപ്പറഞ്ഞ അപേക്ഷയിൽ നികുതി പുനഃനിർണ്ണയിക്കാനല്ല പകരം നമ്പരിട്ട് നൽകാനാണ് ആവശ്യപ്പെട്ടിരുന്നത്. മുൻപ് ഒറ്റയായി കിടന്ന കെട്ടിടം നാല് മുറികളായി തിരിച്ചതാണെങ്കിൽ അതിന് പെർമിറ്റ് (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 4പ്രകാരം) എടുത്തിട്ടില്ല. പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടം ചട്ടം 134 പ്രകാരം ക്രമവത്കരിച്ച് ചട്ടം 137(3) പ്രകാരം (അനുബന്ധം 1 മാതൃകയിൽ) സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

ഗ) അപേക്ഷക്കൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 146.29 ച.മി.ആണ്. അപേക്ഷകരുടെ ഉടമസ്ഥതയിലും കരംതീരുവയിലുമായി ആറാട്ടുപുഴ വില്ലേജിൽ തണ്ടപ്പേർ നമ്പർ 6484 പ്രകാരം ബ്ലോക്ക് 17ൽ സർവ്വേ നം 414/11ൽ 24.25ആർ വസ്തുവും സർവ്വേ നം. 424/6 ൽ 1.05ആർ (105ച.മി) വസ്തുവും ആണുള്ളത്. ഫീൽഡ് മാപ്പുകൾ പരിശോധിച്ചതിൽ നിന്ന് ഇവ സമീപസ്ഥ വസ്തുക്കളല്ല എന്ന് ബോദ്ധ്യമാകുന്നു. അപേക്ഷക്കൊപ്പമുള്ള പ്ലാൻ പ്രകാരം സർവ്വേ നം. 424/6 ൽ പെട്ട 105 ച.മി വസ്തുവിലാണ് പ്രസ്തുത ഒറ്റനില കെട്ടിടമുള്ളത്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 146.29 ച.മി. ആകയാൽ ഇത് അന്യകൈവശ വസ്തുവിൽ കൂടി കടന്ന് സ്ഥിതി ചെയ്യുന്നതായി കാണുന്നു. വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ഇക്കാര്യങ്ങൾ പരിഗണിച്ചില്ല. മേല്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 35 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വ്യാപ്തി സ്ഥലവിസ്തീർണ്ണത്തിന്റെ 55ശതമാനത്തിൽ അധികമാകാൻ പാടില്ലെന്നിരിക്കെ ഈ കെട്ടിടം അനധികൃത നിർമ്മാണമാണെന്ന് സ്പഷ്ടമാണ്.

അനധികൃതമായ നിർമ്മാണത്തിന് ചട്ടങ്ങൾ മറികടന്ന് വസ്തുനികുതി നിർണ്ണയിച്ച് നമ്പരും ഒക്കുപ്പൻസിയും അനുവദിച്ചതിനെ കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. ഭരണ വകുപ്പിന്റേയും ഭരണ സമിതിയുടേയും സവിശേഷ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 2-6 അനധികൃത നിർമ്മാണം - രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല

പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 4 പ്രകാരം പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ) ചട്ടം 134 പ്രകാരം ക്രമീകരിക്കുമ്പോൾ ഈടാക്കേണ്ട രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല (ചട്ടം 137(4) പ്രകാരം ഇത് പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്). പകരം പെർമിറ്റ് ഫീസ് മാത്രമാണ് ഈടാക്കപ്പെടുന്നത്. ഇതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ഉടമസ്ഥൻ | പെർമിറ്റിന് അപേക്ഷിച്ച കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം | അനധികൃത നിർമ്മാണ ത്തിന്റെ വിസ്തീർണ്ണം | ഈടാക്കേണ്ടി യിരുന്ന രാജിയാക്കൽ ഫീസ് | ഈടാക്കിയ പെർമിറ്റ് ഫീസ്, രസീത് നം, തീയതി | കുറവ് |
|---|---|---|---|---|---|---|
| A3/271/16 | നജീബ്, ചൂരപ്പറമ്പിൽ | 140.53 | 140.53 | 844 | 423/- (11501102237, 28/1/16 | 421 |
| A3/83/15 | വിശ്വരാജൻ, പുതുപ്പറമ്പിൽ | 212.70 | 125.08 | 750 | 375/- (11501100401, 13/5/15) (ആകെ 638 രൂപ) | 375 |
| A3/3722/16 | സജിത, അർച്ചന | 178.59 | 178.59 | 1072 | 536/- 11601100452, 13/06/2016 | 536 |
| ആകെ | | | | | | 1332 |

നഷ്ടമായതുക ഉത്തരവാദിയായ സെക്രട്ടറി, എ3 സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി, സ്ഥാപനനികുതി - സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായി

പഞ്ചായത്ത് പരിധിയിൽ വരുന്ന പല സ്ഥാപനങ്ങളിൽ നിന്നും 2015-16 ൽ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കാതിരുന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക) കോർപ്പറേഷൻ ബാങ്കിന്റെ ആറാട്ടുപുഴ ശാഖയിലെ താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി നിയമപ്രകാരമല്ലാതെ ഒഴിവാക്കി നൽകി.

| ജീവനക്കാരന്റെ പേര് | തസ്തിക | നികുതി ഒഴിവാക്കിയ അർദ്ധവർഷം |
|---|---|---|
| കെ.പി.ദിനേശ് ബാബു | അസിസ്റ്റന്റ് മാനേജർ | ഒന്നാം അർദ്ധവർഷം |
| ബിജു.കെ.ജോൺ | SWO A | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| ബിനോജ് ദിവാകരൻ | SWO A | രണ്ടാം അർദ്ധവർഷം |

പ്രസ്തുത ജീവനക്കാർ സൈനികസേവനത്തിൽ നിന്ന് വിരമിച്ചതാണെന്ന കാരണം കാണിച്ചാണ് തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കിയത്. സൈനികസേവനാനന്തരം മറ്റ് തൊഴിലിൽ ഏർപ്പെടുന്നവർക്ക്

തൊഴിൽനികുതി ഒഴിവാക്കാൻ വ്യവസ്ഥയില്ല. ആകയാൽ ഈ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി നികുതി ഒഴിവാക്കിനൽകിയ സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഖ) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | 2015-16 ൽ തൊഴിൽ നികുതി ഈടാക്കാതിരുന്ന അർദ്ധവർഷം |
|---|---|
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് , ആറാട്ടുപുഴ | ഒന്ന് |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് പെരുംപള്ളി | ഒന്ന് |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് , നല്ലാണിക്കൽ | ഒന്ന്, രണ്ട് |

ഗ) നല്ലാണിക്കൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കോർപ്പറേഷൻ ബാങ്ക് ആറാട്ടുപുഴ ശാഖ, മിനിമുത്തൂറ്റ് നിധി കേരള ലിമിറ്റഡ് എന്നീസ്ഥാപനങ്ങൾ 2015-16 ൽ ഇരു അർദ്ധവർഷങ്ങളിലും സ്ഥാപന നികുതി അടച്ചിട്ടില്ല. ആറാട്ടുപുഴ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, പെരുംപള്ളി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ESAF(മംഗലം) എന്നിവ 2015-16 ൽ ഒന്നാം അർദ്ധവർഷത്തിൽ സ്ഥാപന നികുതി ഒടുക്കിയില്ല. പ്രസ്തുത നികുതിക്കായി പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് ഈ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ അടക്കാത്ത മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, (പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളുൾപ്പടെ) പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കുടിശ്ശിക സഹിതം നികുതി പരിച്ചെടുക്കേണ്ടതാണ്.

## 2-8 തനത് വരുമാനം കുറയുന്നു- പിരിവിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും അനാസ്ഥ

പഞ്ചായത്തിന്റെ തനത് വരുമാനം 2015-16 ൽ മുൻ വർഷത്തേക്കാൾ കുറവുണ്ടായി. നികുതി വരവും നികുതിയേതരവരവും കുറഞ്ഞു. നികുതി വരുമാനത്തിൽ 3.46 ലക്ഷം രൂപയുടെ അതായത് 16.33ശതമാനത്തിന്റെ കുറവുണ്ടായപ്പോൾ നികുതിയേതര വരുമാനം 14.29 ശതമാനം കുറഞ്ഞു (0.5 ലക്ഷം രൂപ).

വസ്തു നികുതിയിലാണ് വലിയ കുറവുണ്ടായത്. കുടിശ്ശിക ഒഴിച്ചുള്ള വസ്തുനികുതി പിരിവിൽ ഏകദേശം 40 ശതമാനത്തിന്റേയും കുടിശ്ശിക പിരിവിൽ ഏകദേശം 25 ശതമാനത്തിന്റേയും കുറവാണ് ഉണ്ടായത്. തൊഴിൽ നികുതിയിൽ വന്ന വർദ്ധനവിനെ ഇത് നിഷ്പ്രഭമാക്കി. പഞ്ചായത്തിലെ 2015-16 ലെ വസ്തുനികുതി ഡിമാന്റ് 640454/- രൂപ മാത്രമാണ്. ഇതിൽ തന്നെ 367142/- രൂപ (57.3%) മാത്രമാണ് പിരിച്ചെടുത്തത്. മുൻവർഷം ഇത് 627374/- രൂപയായിരുന്നു. തൻവർഷത്തേതുൾപ്പടെ 1744728/- രൂപയാണ് ഈയിനത്തിലെ കുടിശ്ശിക. ഇത് തൻവർഷത്തെ ഡിമാന്റിന്റെ മൂന്ന് മടങ്ങോളമാണ് (കൃത്യമായി പറഞ്ഞാൽ 272.42%). ഇത്ര വലിയ കുടിശ്ശികയുണ്ടായിട്ടും ബിൽ കളക്ടർമാരെ വിന്യസിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കുവാനോ മുൻ വർഷങ്ങളിലെ പോലെ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുവാനോ സെക്രട്ടറി നടപടി സ്വീകരിച്ചില്ല. പഞ്ചായത്തിൽ ഇതുവരെയും വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല. സഞ്ചിയ സോഫ്റ്റ് വെയറിനെ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ നികുതി പിരിവിൽ അവ്യക്തത നിലനിൽക്കുന്നു. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകളും പൂർണ്ണമല്ല. നികുതി വരുമാനം വർദ്ധിപ്പിക്കാനും ഉള്ളത് പൂർണ്ണമായി

പിരിച്ചെടുക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പെർമിറ്റില്ലാതെ നടക്കുന്ന നിർമ്മാണങ്ങൾ അനവധിയാണ്. അനധികൃത നിർമ്മാണങ്ങൾ ക്രമമാക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. ക്രമീകരണം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക പഞ്ചായത്തിലില്ല. പുതിയതായി വാണിജ്യാവശ്യത്തിന് നമ്പരിടുന്ന കെട്ടിട ഉടമകളിൾ നിന്ന് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരമുള്ള വിവരശേഖരണം പഞ്ചായത്ത് നടത്തുന്നില്ല. ഇത് ഡി & ഒ ലൈസൻസ് വഴിയുള്ള വരുമാനത്തേയും തൊഴിൽ നികുതി വഴിയുള്ള വരുമാനത്തേയും സാരമായി ബാധിക്കുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

KPWA സെക്ഷൻ 15.4.1 പ്രകാരം മൂന്ന് വർഷം ക്ലയിം ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത്ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് രജസ്റർ പരിശോധിച്ചതിൽ 2011-12 വർഷത്തെ 260930/- രൂപയും 2012-13 വർഷത്തെ 298850/- രൂപയുമുൾപ്പെടെ ഈ ഇനത്തിൽ ആകെ 559780/- രൂപ ക്ളയിം ചെയ്യപ്പെടാതെ അവശേഷിക്കുന്നതായിക്കാണുന്നു. തിരിച്ചു നൽകേണ്ട കാലാവധിയ്ക്കുശേഷവും നിക്ഷേപമായി തുടരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം-കുടിശിക വർദ്ധിക്കുന്നു

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബില്ലിലെ രേഖപ്പെടുത്തൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 1207 എണ്ണം പൊതു ടാപ്പുകൾ നിലവിലുണ്ട്.ഇതിന്റെ വെള്ളക്കരം കുടിശിക ഉൾപ്പെടെ 4/15 ൽ ഒടുക്കുവാനു ണ്ടയിരുന്നത് 44448690/- രൂപയായിരുന്നു. ഈ ഇനത്തിൽ തനത് ഫണ്ടിൽനിന്നും 5808693/- രൂപയും (11x528063) പ്രോജക്ട് നം S0091/15 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്- ൽ നിന്നും 4818207/- രൂപയുമുൾപ്പടെ ആകെ 10626900/- രൂപ 15-16വർഷം വാട്ടർ അതോറിറ്റിയിൽ ഒടുക്കി. പ്രതിമാസം 528063 രൂപ പ്രകാരം 15-16 വർഷത്തെ ആകെ ഡിമാന്റ് 6336756/- രൂപയാണന്നിരിക്കെ ടി വർഷം 4290144/- രൂപ (10626900-6336756) അധികം ഒടുക്കി. എന്നാൽ 4/16 ലെ ബിൽ പ്രകാരം ഒടുക്കുവാനുള്ള വെള്ളക്കരം 51168593/- രൂപയായി വർദ്ധിച്ചതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്ക് പ്രകാരം ഒടുക്കുവാനുള്ള തുക (4/16ൽ) 34349890/- രൂപയാണ്. ഇപ്രകാരം കുടിശിക വർദ്ധിപ്പിച്ചതിനുള്ള കാരണമെന്താണന്ന് പഞ്ചായത്ത് അധികാരികൾക്ക് വ്യക്തമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല. വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.</u>

6-5-15 ലെ പഞ്ചായത്ത് കമ്മിറ്റി (4-ാം നം തീരുമാനം)1 മുതൽ 18 വരെയുള്ള വാർഡുകളിലെ പൊതുടാപ്പുകൾ സംബന്ധിച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തുവാൻ തീയതി നിശ്ചയിച്ച് വാട്ടർ അതോറിറ്റിയെ അറിയിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല. വെള്ളക്കരം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ സംയുക്തപരിശോധ നടത്തുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷിക്കുന്നു.

## 3-2 വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ അപൂർണ്ണം

15-16 വർഷം വി.ഇ.ഒ. 6 പ്രോജക്ടുകൾ നടപ്പിലാക്കി. എന്നാൽ പ്രോജക്ട് രജിസ്റ്റർ, വിവിധ പ്രോജക്ടിനായി പിൻവലിച്ച തുകകളുടെ വരവ് - ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയ ക്യാഷ്ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പേരുകൾ നോട്ട്ബുക്കുകളിൽ രേഖപ്പെടുത്തി അതാത് പ്രോജക്ടുകളുടെ അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുണ്ട് . എന്നാൽ ഇതിൽ പ്രോജക്ടിന്റെ പേര്, വർഷം, തുക,ബിൽ നം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഏതൊക്കെയുള്ള ബിൽ പ്രകാരം പിൻവലിച്ച തുകകളാണ് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളതെന്ന് കൃത്യമായി പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 കുടിവെള്ള കണക്ഷൻ സബ്സിഡി- പിൻവലിച്ച തുക മുഴുവനും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല

(നിർവഹണം- വി.ഇ.ഒ)

1. ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ)

| പ്രോജക്ട് നം-S0095/15-16, (സ്പിൽഓവർ) | |
|---|---|
| ബിൽ നം/തീയതി | തുക |
| 1/15-16/20.10.15 | 240000 |
| 4/15-16/19.3.16 | 60000 |
| 8/15-16/29.3.16 | 116000 |
| ആകെ | 416000 |

2.

| പ്രോജക്ട് നം - S0037/15-16 (പുതിയത്) | |
|---|---|
| ബിൽ നം. | തുക |
| 7/15-16, 29.3.16 | 180000 |

ക്രമ നം 1, 2 എന്നിവ പ്രകാരമുള്ള തുകകൾ, യഥാക്രമം 416000/- രൂപ, 180000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് വി.ഇ.ഒ. യുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൌണ്ട് നം - 67317738747 ൽ നിക്ഷേപിച്ചു. ഇതിന്റെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ ക്രമ നം. 1 പ്രകാരം പിൻവലിച്ച തുകയിൽ

15-16 വർഷം ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 4000/- രൂ വീതംവിതരണം ചെയ്തതിന്റെ ബാക്കി 40000/- രൂപയും ക്രമ നം. 2 പ്രകാരമുള്ള തുകയിൽ 16000/- രൂപയും ഉൾപ്പെടെ ആകെ 56000/- രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയോ തിരിച്ചടക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതായിക്കാണുന്നു. സബ്സിഡി തുകകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ മാസങ്ങളോളം സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് 24.11.2016 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-7, 24-11-16 ന് നൽകിയ മറുപടിയിൽ ടി തുകകൾ ഗുണഭോക്താക്കൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് വി.ഇ.ഒ അറിയിച്ചു. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ സാധിക്കുന്നില്ലായെങ്കിൽ തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 വൈസ് പ്രസിഡന്റിന്റെ മൊബൈൽ ഫോൺ ചാർജ്ജ് - അധികതുക നൽകി

ക്ളോസ്ഡ് യൂസർ ഗ്രൂപ്പ് കെ.എൽ. 19/149 പ്ളാനിൽ ഉൾപ്പെടുത്തപ്പെട്ട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 8281040947 നമ്പരിലുള്ള മൊബൈൽ ഫോണിന് 23-1-12 ലെ സർക്കാർ ഉത്തരവ് നം-16/12 പ്രകാരം അനുവദിനീയമായ പ്രതിമാസ ഫോൺചാർജ്ജ് സർചാർജ്ജ് ഉൾപ്പെടെ 167/- രൂപയാണ്. എന്നാൽ ചില മാസങ്ങളിൽ അധിക നിരക്ക് അനുവദിച്ചു നൽകിയതായിക്കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ കാലയളവ് | അനുവദിച്ച തുക | അനുവദനീയമായ തുക | ചെക്ക് നം, തീയതി | അധികം നൽകിയ തുക |
|---|---|---|---|---|
| 3/15 | 951 | 167 | 168798/20.4.15 | 784 |
| 4/15 | 955 | 167 | 168816/25.5.15 | 788 |
| 5/15 | 763 | 167 | 269310/12.8.15 | 596 |
| 6/15 | 844 | 167 | 269310/12.8.15 | 677 |
| | | | ആകെ | 2845 |

ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 23.11.2016 ൽ നൽകിയ രണ്ടാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക വൈസ് പ്രസിഡന്റായിരുന്ന ശ്രീമതി. മിന്നി സിൽസിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് സാധിക്കാത്ത പക്ഷം ചെലവ് ചെയ്ത സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-5 അംഗൻവാടി വൈദ്യുതീകരണം നടപടികളിൽ കാലതാമസം

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് നടത്തിപ്പിൽ കാലതാമസം വന്നിട്ടുള്ളതായി കാണുന്നു.

1. അംഗൻവാടി വൈദ്യുതി കണക്ഷൻ (പ്രോജക്ട് നം.S009/16)
   ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് അംഗൻവാടി നം. 5, 15 എന്നിവയ്ക്ക് വൈദ്യുതികണക്ഷൻ എടുക്കുന്നതിനായി ബിൽ നം.12/22-3-16 പ്രകാരം 29450/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഇലക്ട്രിസിറ്റി ബോർഡിനു നൽകി. (ഡി.ഡി. നമ്പർ. 716516/23-3-16) എന്നാൽ ഓരോ അംഗൻവാടികൾക്കും പ്രത്യേകം ഡി.ഡി. നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 1-6-16 ൽ 7150/- രൂപ 15-ാം നമ്പർ അംഗൻവാടിക്കായും, 22050/- രൂപ 5-ാം നമ്പർ അംഗൻവാടിക്കായും പ്രത്യേകം ഡി.ഡി. എടുത്തു നൽകുകയുണ്ടായി. ഇതിൽ 5-ാം നമ്പർ അംഗൻവാടിയ്ക്കായുള്ള തുക ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കാത്തതിനാൽ 22050/- രൂപയുടെ ഡി.ഡി. 7-9-16 ൽ വീണ്ടും പുതുക്കി നിർവ്വഹണോദ്യോഗസ്ഥ കൈവശം വച്ചിരിക്കുകയാണ്. തൻമൂലം ഡി.ഡി. കമ്മീഷൻ ഇനത്തിൽ 230/- രൂപ നഷ്ടം വന്നിട്ടുണ്ട്. (ട്രഷറിയിൽ നിന്നും പിൻവലിച്ച 29450/- രൂപയിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിനു ഡി.ഡി എടുത്ത 29200/- രൂപ കിഴിച്ച് ബാക്കി തുകയിൽ നിന്നാണ് ഡി.ഡി. കമ്മീഷൻ ഇനത്തിൽ 230/- രൂപ നൽകിയിട്ടുള്ളത്. ബാക്കി 20/- രൂപ ഫോട്ടോകോപ്പി എടുത്തതിനും ഉപയോഗിച്ചു) തുക ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കുന്നില്ലെങ്കിൽ തിരിച്ച് അടക്കേണ്ടതാണ്.

2. അംഗൻവാടി ഇലക്ട്രിഫിക്കേഷൻ (പ്രോജക്ട് നം. S011/16)
   ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് അംഗൻവാടി നം. 1, 23 എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി വയറിംഗ് ചെയ്യുന്നതിന് PWD ഇലക്ട്രിക്കൽ വിംഗ് ആലപ്പുഴയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബിൽ നം. 8/25-2-16 പ്രകാരം 68520/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് PWD ആലപ്പുഴ ഇലക്ട്രിക്കൽ വിംഗിന് നൽകുകയും, ഇവർ വയറിംഗ് പൂർത്തീകരിച്ച് 1-7-16ൽ കംപ്ളീഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എന്നാൽ PWD ഇലക്ട്രിക്കൽ വിംഗിന്റെ കംപ്ളീഷൻ സർട്ടിഫിക്കറ്റോടു കൂടിയ വൈദ്യുതി കണക്ഷനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ഇതുവരെ സമർപ്പിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. വൈദ്യുതി കണക്ഷനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് സമർപ്പിച്ച് വൈദ്യുതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവു നായ്ക്കളുടെ നിയന്ത്രണം-പഞ്ചായത്ത് വിഹിതം-വിനിയോഗരേഖയില്ല

തെരുവു നായ്ക്കളുടെ നിയന്ത്രണം എന്ന S0145/16 നമ്പർ പ്രോജക്ടിനായി ബിൽ നം-19/15-16, 15-3-16 പ്രകാരം 200000/- രൂപ പിൻവലിച്ചു. പ്രസ്തുത തുക 31-3-16 ലെ ചെക്ക് നം. 310259 പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഒടുക്കി. പ്രോജക്ട് പൂർത്തിയാകുന്ന മുറക്ക് ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധന ക്ക് ലഭ്യമാക്കേണ്ടതാണ്. 200000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-7 തൊഴിലില്ലായ്മവേതനം- പ്രായപരിധികഴിഞ്ഞവർക്ക് അനുവദിച്ചു

1. 2015-16 വർഷം ചുവടെ പേര് ചേർത്തിരിക്കുന്ന വ്യക്തികൾക്ക് പ്രായപരിധി കഴിഞ്ഞതിനുശേഷവും തൊഴിലില്ലായ്മ വേതനം അനുവദിച്ചു നൽകിയതായിക്കാണുന്നു.

| പേര്, ജനനതീയതി | റോൾ നം | അനുവദിച്ച കാലയളവ്, തുക | 35വയസ് പൂർത്തിയായ മാസം | അനർഹമായ കാലയളവ് | അധികം | ബിൽ നം. തീയതി, തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| ആശ, 26-9-1979 | 1119 | 6/14-3/15, 1200രൂ | 25-9-14 | 10/14-3/15 | 720 | 1/15-16, 24.8.15, 440040/- രൂപ |
| ശോഭ 1-5-1980 | 845 | 5/15-7/15, 360രൂ | 30-4-15 | 5/15-7/15 | 360 | 17/1516, 15.3.16 141840/- രൂപ |
| ഷീബ 20-5-1980 | 887 | 5/15-7/15, 360രൂ | 19-5-15 | 6/15,7/15 | 240 | 17/15-16, 15.3.16 141840/- രൂപ |
| ബിൻസി 20-5-1980 | 1090 | 5/15-7/15, 360രൂ | 19-5-15 | 6/15,7/15 | 240 | 17/15-16, 15.3.16 141840/- രൂപ |
| | | | | ആകെ | 1560രൂ | |

ടി തുക 1560/- രൂപ അതാത് വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

2. റീനാഷാജി, വാലേപുതുവൽ (റോൾ നം-1268) എന്ന ഗുണഭോക്താവിന്റെ ജനനതീയതി 18-8-1978 ആണ്. ടിയാൾക്ക് 8/13 വരെ മാത്രമാണ് തൊഴിലില്ലായ്മ വേതനത്തിന് അർഹത. കായംകുളം ടൗൺ എംപ്ളോയിമെന്റ് ഓഫീസറുടെ U1/176(A)/14, 30-6-14 ലെ കത്തിൽ ടിയാൾക്ക് 8/13 വരെയുള്ള വേതനത്തിന് അർഹതയുള്ളതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ടിയാൾക്ക് 8/13 ൽ വേതനവിതരണം ആരംഭിച്ചതായാണ് രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. ഇപ്രകാരം 30-5-15 ൽ 8/13 മുതൽ 12/13 വരെയുള്ള തുക 600/- രൂപയും, 27-2-16 ൽ 1/14 മുതൽ 2/14 വരെയുള്ള 240/- രൂപയും (ബിൽ നം- 14/15-16, തുക-94080/-) 3-9-16 ൽ 3/14 മുതൽ 10/14 വരെയുള്ള 960/- രൂപയും (ആകെ-1800) വേതനമിനത്തിൽ നൽകി.

വിശദമായ അന്വേഷണം നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. പഞ്ചായത്തിന് ലഭിച്ചിട്ടുള്ള വിവിധ ഫണ്ടുകൾ സംബന്ധിച്ച എ.സി.ആർ, വാർഷിക ധനകാര്യ പത്രിക, ധനകാര്യ കമ്മീഷൻ വെബ് സൈറ്റിൽ പഞ്ചായത്ത് അപ് ലോഡ് ചെയ്തിട്ടുള്ള പ്രൊഫോർമകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.
2. ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക, ഇ.എഫ്.എം.എസ് വഴി വന്ന തുക എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റിന്റെ കൃത്യത പരിശോധിക്കുവാനായി ആസ്തി രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.
4. തനത് വരുമാനങ്ങളുടെ ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല.
5. TRY VPFA, TRY TSP എന്നീ അക്കൗണ്ടുകളിലായി യഥാക്രമം 3185654/-, 500/- രൂപ നീക്കിയിരിപ്പുള്ളതായി RP 40 (a), (b) പട്ടികയിൽ കാണുന്നു. ഇവയുടെ പാസ് ബുക്ക്/ ട്രഷറി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

### 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

--ഇല്ല--

### 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ -

--ഇല്ല--

### 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് --

--ഇല്ല--

### 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 724/2012 ത.സ്വ.ഭ.വ തീയതി 05/03/2012 | 15498000 | 8314515 | 1400000 | 422650 | 6914515 |

### 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

### 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09, 2009-10, 2010-11 | 3-7 | 2012-13 | 3-7 | ചെലവ് രേഖകൾ ഹാജരാക്കാത്തത് | ലഭ്യമാക്കിയില്ല |
| | 3-12 | | 3-2 | ഹോമിയോ മരുന്ന് വിതരണം നടന്നില്ല | ലഭ്യമാക്കിയില്ല |
| | 3-32 | | 3-32 | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | ലഭ്യമാക്കിയില്ല |
| | 3-15 | | 3-15 | പദ്ധതി നിർമ്മാണത്തിന് 3 വർഷം മുമ്പ് പിൻവലിച്ച തുക ഡി.ഡി. ആയി കൈവശം സൂക്ഷിക്കുന്നു. | ലഭ്യമാക്കിയില്ല |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43509464 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60888549 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11190 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4405 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 200000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 4929 | - | എസ്.അശോക് കുമാർ, സെക്രട്ടറി |
| | 4929 | | വി.ആർ . ബിജുലാൽ, സീനിയർ ക്ലർക്ക് |
| 2-6 | 188 | - | ജെ. ബീനമോൾ, സെക്രട്ടറി |
| | 479 | | എസ്.അശോക് കുമാർ, സെക്രട്ടറി |
| | 665 | | വി.ആർ . ബിജുലാൽ, സീനിയർ ക്ലർക്ക് |
| 3-4 | - | 2845 | എസ്.അശോക് കുമാർ, സെക്രട്ടറി |
| 3-7 | - | 1560 | എസ്.അശോക് കുമാർ, സെക്രട്ടറി |
| ആകെ | 11190 | 4405 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 200000 | എസ്.അശോക് കുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1, 2-3, 2-5, 2-7, 3-7 (2)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ആർ. ബിജുലാൽ, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്, ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് | കൃഷ്ണവിലാസ്, വലിയശാല, മയ്യനാട് പി.ഒ, കൊല്ലം |

| | | |
|---|---|---|
| ജെ. ബീനമോൾ,<br>സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പത്തിയൂർ ഗ്രാമ പഞ്ചായത്ത് | നഹാസ് വില്ല,<br>കണ്ടല്ലൂർ തെക്ക്, കണ്ടല്ലൂർ പി.ഒ |
| എസ്.അശോക് കുമാർ<br>സെക്രട്ടറി | സെക്രട്ടറി,<br>ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് | കാർത്തിക, മരുളുർകുളങ്ങര,<br>ആല്ലംകടവ്.പിഒ, കരുനാഗപ്പള്ളി |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 | |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 | |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 | |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 | |
| 1990-91<br>1991-92 | എൽ.എഫ്.എ.1057/93/05.11.95 | |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 | |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 | |
| 1994-95<br>1995-96 | എൽ.എഫ്.എ5/58/98/26.0.98 | |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 | |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/ 11.08.2000 | |
| 1997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 | |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 | |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 | |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 | |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 | |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 | |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 | |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 | |
| 2005-06<br>2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 | |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/ 31.01.2011 | |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 | |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എ.പി4.1068/2012<br>തീയതി, 12.12.12/08.03.13 | |
| 2011-12<br>2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 | |
| 2013-14 | എൽ.എഫ്.എ.പി4/671/15/ 4.08.15 | |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി13-1448/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

ഫോൺ - 04772252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി. 17.12.2016

## *ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ *ആറാട്ടുപുഴ* ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ *ആറാട്ടുപുഴ* ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P13-1448/16

Kerala State Audit Department,

District Audit Office, Alappuzha.

Ph: 04772252753

E-mail - ddhglfalpy@gmail.com

Date: 17.12.2016

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Arattupuzha Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Arattupuzha Gramapanchayat for the year 2015-16 except the observations in Para 4-1, my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha